ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ജനറൽ കമ്മിറ്റി സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് തയാറാക്കിയിട്ടുണ്ട്. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, വാർഷിക കണക്കുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്. വസ്തുനികുതി ഉൾപ്പെടെയുള്ള നികുതി/നികുതിയിതര വരവുകളുടെ 100% പിരിവും നടത്താൻ സാധിച്ചിട്ടുള്ളത് ജീവനക്കാരുടെയും ഭരണസമിതിയുടെയും കൂട്ടായ പ്രവർത്തനഫലമാണ്. നികുതി പിരിവിലുൾപ്പെടെ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളിൽ കാര്യക്ഷമമായ ഇടപെടലുകൾ ഭരണസമിതി നടത്തിയിട്ടുള്ളതായി മിനിറ്റ്സിലെ രേഖപ്പെടുത്തലുകൾ വ്യക്തമാക്കുന്നു.

വികസനഫണ്ട് തുകകൾ 100 ശതമാനം ചെലവഴിച്ചതിലൂടെ വാർഷികപദ്ധതി നിർവ്വഹണത്തിൽ കാര്യക്ഷമത പുലർത്താൻ സാധിച്ചിട്ടുണ്ട്. എന്നാൽ മെയിന്റനൻസ് ഗ്രാന്റുകൾ ചെലവഴിക്കുന്നതിൽ ഇപ്രകാരം മികവ് പുലർത്താൻ സാധിച്ചിട്ടില്ല. വാർഷിക കണക്ക് പരിശോധനയുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട ഫയലുകൾ, രജിസ്റ്ററുകൾ എന്നിവ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. സർക്കാർ ഗ്രാന്റുകൾ ഫലപ്രദമായി വിനിയോഗിച്ചിട്ടുണ്ടെങ്കിലും പ്രോജക്ടുകളുടെ നിർവ്വഹണഘട്ടത്തിൽ മേൽനിരീക്ഷണം നടത്തുന്നതിലും പൂർത്തീകരണത്തിനുശേഷം വിലയിരുത്തുന്നതിനും മോണിറ്ററിംഗ് സമിതികളുടെ പ്രവർത്തനം വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം എന്നിവ കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാകേണ്ടതുണ്ട്.

1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം./ തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16/12/2013 മുതൽ 31/12/2013 വരെ | 2008-09 മുതൽ 2012-13 വരെ | LBA(HQ)II/08/A-2034/19/29.01.2014 |
| പെർഫോമൻസ് ഓഡിറ്റ് | 07/06/2022 മുതൽ 09/06/2022 വരെ | 07/2021 – 12/2021 | സ. ഉ. (എം. എസ്) നം. 188/2015/ തസ്വഭവ/08.06.2015 (ഫാറം - ബി) പ്രകാരമുള്ളത് |

## 1-11 രസീതിന്റെ ഡ്യൂപ്ലിക്കേറ്റ് നഷ്ടപ്പെട്ടു–തുക ഈടാക്കിയത് സംബന്ധിച്ച് വ്യക്തതയില്ല

ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ Certificate Of Count 1-100 എന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തി 27.03.25 ൽ രസീത് ബുക്ക് നം.3215 കൃഷി ഓഫീസർക്ക് അനുവദിച്ചിട്ടുണ്ട്. പ്രോജക്ട് നം.306/25 ടെറസിലെ പച്ചക്കറി കൃഷി എന്ന പ്രോജക്ടിനായി ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതം 1 മുതൽ 29 വരെയുള്ള രസീതുകൾ ഉപയോഗിച്ച് തുക ഈടാക്കിയിട്ടുള്ളത് ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടുള്ളതും പ്രോജക്ട് പ്രകാരം ഗുണഭോക്തൃവിഹിതം ചെലവഴിച്ചിട്ടുള്ളതുമാണ്. രസീത് നം.30 ന്റെ ഡ്യൂപ്ലിക്കേറ്റ് രസീത് രസീത് ബുക്കിൽ നിന്നും കീറി മാറ്റിയിട്ടുണ്ട് . രസീത് നഷ്ടപ്പെട്ടതിനാൽ ആയത് പ്രകാരം തുക ഈടാക്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. 31 മുതൽ 100 വരെയുള്ള രസീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല. രസീത് നഷ്ടപ്പെടാനിടയായ സാഹചര്യവും നഷ്ടപ്പെട്ടത് സംബന്ധിച്ച് സ്വീകരിച്ച തുടർനടപടികളും രേഖാമൂലം അറിയിക്കണമെന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.8/26.08.2025) മറുപടി ലഭ്യമാക്കിയില്ല.

രസീത് ദുരുപയോഗം ചെയ്തിട്ടില്ലെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതും രസീത് ഡ്യൂപ്ലിക്കേറ്റ് നഷ്ടപ്പെടാനുണ്ടായ സാഹചര്യം വിശദീകരിയ്ക്കേണ്ടതുമാണ്.

## 1-12 സെമിനാരികൾ/കോൺവെന്റുകൾ ഗണത്തിൽപ്പെട്ട കെട്ടിടത്തിന് A-1 റസിഡൻഷ്യൽ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ച് നൽകി

ഞീഴൂർ വില്ലേജിൽ റീ സർവേ നം. 361/3, Re-361/3-3 -ൽ ഉൾപ്പെട്ട, വികാർ, സെന്റ് മേരിസ് ചർച്ച്, മരങ്ങോലി, ഞീഴൂർ എന്ന പേരിൽ A-1 റസിഡൻഷ്യൽ ഗണത്തിൽ ഉൾപ്പെടുത്തി A2-BA(200864)/2023/ 08.06.2023 നം. കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രൊപ്പോസ്ഡ് പ്ലാൻ പ്രകാരം, 545.66 ച. മീ നിർമ്മിത വിസ്തൃതിയിലുള്ള ടി കെട്ടിടത്തിന് പെർമിറ്റ് ഫീസ് ഇനത്തിൽ 3820/- രൂപ ഈടാക്കിയതായി കാണുന്നു (രസീത് നം. 1230100158/ 27.04.2023). പ്രസ്തുത കെട്ടിട നിർമ്മാണ പെർമിറ്റുമായി ബന്ധപ്പെട്ട്, പ്രൊപ്പോസ്ഡ് പ്ലാൻ പ്രകാരം, ബിഷപ്പ് ഓഫീസ്, ബിഷപ്പ് ബെഡ് റൂം, വികാർ ഓഫീസ്, വികാർ ബെഡ് റൂം, കൈക്കാരൻ റൂം, അക്കൗണ്ട്സ് റൂം തുടങ്ങിയവ പ്രത്യേകമായി ക്രമീകരിച്ചിരിക്കുന്നു. KPBR 2019 ചട്ടം 25 - 2 (B) പ്രകാരം, സെമിനാരികൾ/കോൺവെന്റുകൾ തുടങ്ങിയ കെട്ടിടങ്ങളെ, ഗണം A2 - ലോഡ്ജിംഗ് ഹൌസുകളും പ്രത്യേക വാസഗൃഹങ്ങളും എന്ന പ്രകാരമാണ് നിർവ്വചിക്കപ്പെട്ടിട്ടുള്ളത്. പ്രസ്തുത കെട്ടിടത്തെ, ഗണം A1 - ഏക കുടുംബ / ബഹുകുടുംബ വാസസ്ഥലങ്ങളായി പരിഗണിച്ച് കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ച് നൽകാനുണ്ടായ സാഹചര്യം സംബന്ധിച്ചും, പ്രസ്തുത കെട്ടിടത്തിന്റെ കംപ്ലീഷൻ & നമ്പറിംഗ് നടപടികൾ പൂർത്തീകരിച്ച് നികുതി നിർണ്ണയിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, ഫോം-VI -ന്റെ പകർപ്പ് ഉൾപ്പെടെ നികുതി നിർണ്ണയ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (23/ 29.08.2025), കെട്ടിട ഉടമ നിർമ്മാണത്തിനുള്ള അപേക്ഷ സമർപ്പിച്ചത് A-1 റസിഡൻഷ്യൽ ഗണത്തിലായിരുന്നതിനാൽ, ആയത് പ്രകാരമാണ് ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചിരുന്നതെന്നും, കംപ്ലീഷൻ ഫയലിൽ കെട്ടിടത്തിന്റെ ഒക്യുപ്പൻസി 'സ്പെഷ്യൽ റസിഡൻഷ്യൽ' സ്റ്റാറ്റസിൽ ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നുമുള്ള മറുപടി ലഭ്യമായിട്ടുണ്ട്. SC-2/2519/2023/ 12.09.2023 നം. അന്തിമ വിജ്ഞാപനം പ്രകാരം, 01/04/2023 മുതൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് പുതുക്കിയ വസ്തുനികുതി നിരക്ക് ബാധകമാക്കിയിട്ടുണ്ട്. ആയത് പ്രകാരം,

300 ച .മീ മുകളിൽ പ്രത്യേക പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 60/- രൂപ നിരക്കിലാണ് നികുതി നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. പ്രസ്തുത കെട്ടിടത്തെ, ചട്ടപ്രകാരമുള്ള ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി, യഥാവിധി നികുതി നിർണ്ണയിച്ച്, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം സംബന്ധിച്ച്, ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 കോൺക്രീറ്റ് വോൾട്ട് സെമിത്തേരി നിർമ്മാണം ബിൽഡിംഗ് പെർമിറ്റിന്റെ പരിധിയിൽ കൊണ്ടുവന്നില്ല

കോട്ടയം ജില്ലയിൽ വൈക്കം താലൂക്കിൽ ഞീഴൂർ ഗ്രാമ പഞ്ചായത്തിൽ ഞീഴൂർ വില്ലേജിൽ ബ്ലോക്ക് നം. 27 ൽ റീസർവ്വ നം. 835/21 ൽ 3 ആർ 81 ച.മീ സ്ഥലത്ത് കോൺക്രീറ്റ് വോൾട്ട് മാതൃകയിലുള്ള സെമിത്തേരി നിർമ്മിക്കുന്നതിനായി നിരാക്ഷേപപത്രം ലഭിക്കുന്നതിന് എൽഡർ ഡേവിഡ് രാജ്, സിലോൺ പെന്തക്കോസ്ത് മിഷൻ വിളയംകോട്ട്, കാട്ടാമ്പാക്ക് എന്ന കക്ഷിയുടെ അപേക്ഷയിൻമേൽ ജില്ലാ മെഡിക്കൽ ഓഫീസർ ശുപാർശയും നിരാക്ഷേപപത്രവും C2/12210/2022/ 05.09.2022 പ്രകാരം നൽകിയിട്ടുണ്ട്. പ്രസ്തുത ശ്മശാന നിർമ്മാണം സംബന്ധിച്ച് ജില്ലാ പോലീസ് മേധാവി, വൈക്കം തഹസീൽദാർ എന്നിവർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ജില്ലാ പൊലീസ് മേധാവിയുടെ G1(B)-2101037/2022/K/ 18.01.2023 നമ്പർ റിപ്പോർട്ട് പ്രകാരം ടി ശ്മശാനം സ്ഥാപിക്കുന്നത് പൊതു ശ്മശാനത്തോട് ചേർന്നാണെന്നും, എല്ലാ വിഭാഗക്കാർക്കും ഉപയോഗിക്കാവുന്ന വിധത്തിൽ പൊതു ശ്മശാനം നിലവിലിരിക്കേ അതിനോട് ചേർന്ന് മറ്റൊരു ശ്മശാനം നിർമ്മിക്കുന്നതിനെതിരായി പ്രാദേശികമായി എതിർപ്പുള്ളതാണെന്നും, എന്നാൽ, വൈക്കം തഹസീൽദാറുടെ TLKKTM/975/2023/B6/ 20.03.2023 നമ്പർ റിപ്പോർട്ട് പ്രകാരം ശ്മശാനത്തിനു അനുമതി നല്കാവുന്നതാണെന്നു ശുപാർശ ചെയ്തിട്ടുള്ളതുമാണ്. അപേക്ഷയിൽ വിവരിച്ചിരിക്കുന്ന 03.81 ആർ വസ്തു ഞീഴൂർ വില്ലേജിൽ ബ്ലോക്ക് നം 27 ൽ റീസർവേ നം. 835/2-1 ൽ ഉൾപ്പെട്ടതാണെന്നും നിർദ്ദിഷ്ട ശ്മശാനത്തിന്റെ 60 മീറ്റർ ചുറ്റളവിനുള്ളിൽ ആൾ താമസം ഇല്ലാത്തതാണെന്നും ടി ശ്മശാനം മൂലം പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് സാധ്യതയില്ലായെന്നും

വൈക്കം തഹസീൽദാറുടെ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡ് പരിസ്ഥിതി എഞ്ചിനീയർ നിർദ്ദിഷ്ട ശ്മശാനത്തിന് KSPCB/KT/ICE/10020810/2023/ 02.02.2023 നമ്പർ റിപ്പോർട്ട് പ്രകാരം നിബന്ധനകളോടുകൂടി നിർമ്മാണാനുമതി നൽകിയിട്ടുണ്ട്.

ടി വസ്തുവിന് 60 മീ. ചുറ്റളവിൽ ആൾ താമസമില്ലായെന്നും ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചിട്ടുള്ളതാണെന്നും ടി വസ്തുവിന്റെ തെക്കുവശം പൊതുശ്മശാനം ആണെന്നും കാണുന്നു. 1998 ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവു ചെയ്യുവാനും, ദഹിപ്പിക്കുവാനുമുള്ള സ്ഥലങ്ങൾ ചട്ടങ്ങൾ) പ്രകാരം, വാസഗൃഹത്തിൽ നിന്നും കോൺക്രീറ്റ് വോൾട്ട് സെമിത്തേരിക്ക് നിഷ്കർഷിച്ചിരിക്കുന്ന കുറഞ്ഞ ദൂരം 25 മീറ്ററാണെന്ന സാഹചര്യത്തിൽ, വൈക്കം താലൂക്ക് ഞീഴൂർ ഗ്രാമപഞ്ചായത്ത് ഞീഴൂർ വില്ലേജിലെ ബ്ലോക്ക് നം. 27 ൽ റീസർവ്വേ നം. 835/2-1 ൽപ്പെട്ട 3 ആർ 81 ച.മീ ആർ വസ്തുവിൽ ശവം മറവുചെയ്യുന്നതിലേക്കായി കോൺക്രീറ്റ് വോൾട്ട് സെമിത്തേരി നിർമ്മിക്കുന്നതിന് വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി DCKTM/11960/2022-H1/ 05.11.2024 നം. നടപടിക്രമം പ്രകാരം ബഹു. കോട്ടയം ജില്ലാ കളക്ടർ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. പ്രസ്തുത ശ്മശാന നിർമ്മാണത്തിന് പഞ്ചായത്തിന് ആക്ഷേപമില്ലായെന്നത് സംബന്ധിച്ച്, ബഹു. ഞീഴൂർ ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 12(1)/ 20.06.2022 നം. തീരുമാനം പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. പ്രൊപ്പോസ്ഡ് പ്ലാൻ പ്രകാരം, 14 വോൾട്ട് ചേമ്പറുകളും, ശുചിമുറികളും ഉൾപ്പെടെ ആകെ ബിൽറ്റപ്പ് ഏരിയ 29.79 ച. മീറ്റർ ആണ്. KPBR - 2019 റൂൾ - 8 പ്രകാരം, കെട്ടിട നിർമ്മാണ പെർമിറ്റ് ആവശ്യമില്ലാത്ത പ്രവൃത്തികളിൽ, കോൺക്രീറ്റ് വോൾട്ട് സെമിത്തേരി നിർമ്മാണം ഉൾപ്പെട്ടിട്ടില്ലെന്ന് കാണുന്നു. ഈ സാഹചര്യത്തിൽ, KPBR - 2019 പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കാതിരുന്നതിന്റെയും, നിർദ്ദേശിക്കപ്പെട്ടിട്ടുള്ള നിരക്കിൽ പെർമിറ്റ് ഫീസ് ഈടാക്കാതിരുന്നതിന്റെയും സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (22/ 29.08.2025), മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട്, ഫീൽഡ് പരിശോധന നടത്തേണ്ടതും, ചട്ടപ്രകാരം ആയത് ക്രമവത്കരണ

യോഗ്യമെങ്കിൽ, ക്രമവത്കരണ നടപടികൾ പൂർത്തീകരിച്ച് (ചട്ടപ്രകാരമുള്ള ക്രമവത്കരണ ഫീസ് ഈടാക്കിക്കൊണ്ട്) വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തെ വ്യത്യസ്ത നമ്പറുകൾ നൽകി കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു

സഞ്ചയ വെബ് പോർട്ടൽ നികുതി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ, വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നൽകി വസ്തു നികുതി നിർണ്ണയിച്ചതായി കാണുന്നു. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം, ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4 -ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ, പ്രത്യേക കെട്ടിടങ്ങളായി പരിഗണിച്ച് ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ, പഞ്ചായത്തിൽ ഒരേ ഉടമസ്ഥതയിലുള്ള, വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന 100 ച. മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നൽകി, ച. മീറ്ററിന് 30/- രൂപ നിരക്കിൽ (വാണിജ്യാവശ്യത്തിനുള്ളവ 100 ച. മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്ന ഉപയോഗക്രമത്തിൽ) നികുതി നിർണ്ണയിക്കപ്പെട്ടിട്ടുണ്ട്. നികുതി നിർണ്ണയിക്കപ്പെട്ട തീയതി കൃത്യമായി ലഭ്യമാകുന്നില്ലെങ്കിലും, സഞ്ചയ വെബ് പോർട്ടൽ പ്രകാരം ടാക്സ് സൈൻഡ് ഡേറ്റ് 08/11/2018 ആണ്. വ്യത്യസ്ത ഉപയോഗക്രമം അല്ലാതിരിക്കെ, കെട്ടിടങ്ങൾക്ക് ഇപ്രകാരം വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചത് മൂലം, ചട്ടപ്രകാരമുള്ള ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി തുക ഈടാക്കുവാൻ സാധിച്ചിട്ടില്ലായെന്ന് കാണുന്നു. SC-2/2519/2023/ 12.09.2023 നം. അന്തിമ വിജ്ഞാപനം പ്രകാരം, 01/04/2023 മുതൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് പുതുക്കിയ വസ്തുനികുതി നിരക്ക് ബാധകമാക്കിയിട്ടുണ്ട്. ആയത് പ്രകാരം, വാണിജ്യാവശ്യത്തിനുള്ള 100 ച .മീ മുകളിൽ 500 ച.മീ വരെയുള്ള കെട്ടിടങ്ങൾക്ക്, ചതുരശ്ര

മീറ്ററിന് 70/- രൂപ നിരക്കിലാണ് (വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ എന്നിവയ്ക്കുള്ള പഴയ നികുതി നിരക്ക്, ചതുരശ്ര മീറ്ററിന് 50/- രൂപ പ്രകാരമാണ്) നികുതി നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. കെട്ടിടങ്ങളുടെ നികുതി വിശദാംശങ്ങൾ ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | കെട്ടിട ഉടമയുടെ പേര്/വിലാസം | തറ വിസ്തീർണ്ണം (ച. മീ) | നിലവിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഉപയോഗക്രമം |
|---|---|---|---|---|
| 1) | II/ 260 | ശ്രീമതി. അന്നമ്മ മഠത്തക്കാട്ട് മരങ്ങോലി ഞീഴൂർ | 26.91 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ |
| 2) | II/ 261 | | 26.91 | |
| 3) | II/ 262 | | 26.91 | |
| 4) | II/ 263 | | 26.91 | |
| 5) | II/ 264 | | 26.91 | |
| 6) | II/ 265 | | 26.91 | |
| | | **ആകെ** | **161.46** | |

ഇപ്രകാരം വിഭജിച്ച് നമ്പറിംഗ് നടത്തി നികുതി നിർണ്ണയിക്കപ്പെട്ടതിന്റെയും, ചട്ടപ്രകാരമുള്ള ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയ നടപടികൾ സ്വീകരിക്കാതിരുന്നതിന്റെയും, സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (18/ 29.08.2025), മറുപടി ലഭ്യമാക്കിയില്ല. ഇപ്രകാരം വിഭജിച്ച് നമ്പറിംഗ് നടത്തി നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള പ്രസ്തുത കെട്ടിടം, ഉചിതമായ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി പുനർനിർണ്ണയിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതും, ചട്ടപ്രകാരമുള്ള നികുതി തുക ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

**1-15 അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിലുള്ള ഇ-ടെൻഡർ തുക തനത് ഫണ്ടിലേയ്ക്ക് മാറ്റിയിട്ടില്ല.**

ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തുന്ന പ്രോജക്ടുകളുടെ ഇ-ടെണ്ടർ ഫീസ് നിക്ഷേപിക്കുന്നതിന് കടുത്തുരുത്തി എസ്ബിഐ യിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിച്ചിരുന്നു. (അക്കൗണ്ട് നം. 42244352464, ഐ.എഫ്.എസ്.സി-SBIN0070427) 25-08-2025ൽ ടി അക്കൗണ്ടിൽ 93,455/-രൂപ ബാലൻസ് നിൽക്കുന്നതായി കാണുന്നു. ടി തുക തനത് ഫണ്ടിലേയ്ക്കുള്ള വരുമാനമാണ്. കറണ്ട് അക്കൗണ്ടിൽ നിൽക്കുന്ന ടി ബാലൻസ് തുക സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട് അക്കൗണ്ടിലേയ്ക്ക് മാറ്റി നിക്ഷേപിക്കേണ്ടതാണ്.

**1-16 പാലുൽപാദനത്തിന് ഇൻസെന്റീവ്- അധിക തുക നൽകി**

| | |
|---|---|
| പ്രോജക്ടിന്റെ പേര് / നമ്പർ | പാലിന് സബ്സിഡി, നം.S0202/2025 |
| ചെലവ്, ഫണ്ടിനം | 41208/-, വികസന ഫണ്ട് (പൊതുവിഭാഗം) 1,28,961/-, ബ്ലോക്ക് പഞ്ചായത്ത് വിഹിതം 5,50,000/-, ജില്ലാ പഞ്ചായത്ത് വിഹിതം ആകെ- 7,20,169/- |

ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർ ക്ഷീരസംഘത്തിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും മൂന്നു രൂപ സബ്സിഡി കണക്കാക്കി അത്രയും തുക കർഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നതിനാണ് ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ടി പ്രോജക്ട് വിഭാവനം ചെയ്തിരുന്നത്.സ ഉ (കൈ)

നം.115/2022 തസ്വഭവ തീയതി 28.05.2022 സർക്കാർ ഉത്തരവ് പ്രകാരം ഒരു ഗുണഭോക്താവിന് ഒരു വർഷത്തിൽ നൽകാവുന്ന പരമാവധി തുക 40000/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി ശ്രീ.ജിജോമോൻ മാത്യു , ശ്രീ.ജോഷി മാത്യു എന്നീ കർഷകർക്ക് പരമാവധിയിലധികം തുക സബ്സിഡിയായി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ നം, തീയതി | ബിൽ തുക | ശ്രീ.ജിജോമോൻ മാത്യുവിന് നൽകിയ സബ്സിഡി |
|---|---|---|---|
| 1 | 283/29.06.2024, | 4,26,403/- രൂപ | 30,264/- രൂപ |
| 2 | 284/29.06.2024, | 1,23,597/- രൂപ | 7,764/- രൂപ |
| 3 | 282/29.06.2024 | 20,627/- രൂപ | 8,703/- രൂപ |
| | ആകെ | | 46,731/- |

ശ്രീ.ജിജോമോൻ മാത്യുവിന് 6,731/- രൂപ സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികം വിതരണം ചെയ്തിട്ടുണ്ട്.

**<u>പ്രോജക്ട് നം.126/25-പാലിന് സബ്സിഡി</u>**

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് / നമ്പർ | പാലിന് സബ്സിഡി, നം.S0.126/2025 |
| ചെലവ് ,ഫണ്ടിനം | 8,40,000/-, വികസനഫണ്ട് (പൊതുവിഭാഗം) 5,47,645/-, ബ്ലോക്ക് പഞ്ചായത്ത് വിഹിതം |

| | |
|---|---|
| | 5,62,859/-, ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ-19,50,504 |

ശ്രീ.ജോഷി മാത്യുവിനു നൽകിയ സബ്സിഡി തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ നം, തീയതി | ബിൽ തുക | നൽകിയ സബ്സിഡി |
|---|---|---|---|
| 1 | 684/7.03.25 | 162094/- | 17160/- |
| 2 | 753/17.03.25 | 2,00,000/- | 12129/- |
| 3 | 346/27.12.24 | 4,90,311/- | 18099/- |
| | ആകെ | | 47,388/- |

ശ്രീ.ജോഷി മാത്യുവിനു (അക്കൗണ്ട് നം. 67297506372, IFSC SBIN 0070427) 7388/- രൂപ സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികം വിതരണം ചെയ്തിട്ടുണ്ട്.

മേൽ സൂചിപ്പിച്ച രണ്ടുപേർക്കുമായി ആകെ 14119/- (6731+7388) രൂപ സർക്കാർ ഉത്തരവിന് വിരുദ്ധമായി നൽകിയത് സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്ക് (26/29.08.25) മറുപടി ലഭ്യമാക്കിയില്ല. അധികമായി നൽകിയ തുക മേൽപറഞ്ഞവരിൽ നിന്നും തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-17 മെൻസ്ട്രുവൽ കപ്പ് & ലാപ്ടോപ് പർച്ചേസ് - പൊതുമേഖല സ്ഥാപനങ്ങളെ ഒഴിവാക്കി - സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല

**I) പ്രോജക്ട് നം. S0068/2025 – മെൻസ്ട്രുവൽ കപ്പ് ബോധവത്കരണവും വിതരണവും**

ഗ്രാമ പഞ്ചായത്തിന്റെ 2024-2025 വാർഷിക പദ്ധതിയുടെ ഭാഗമായി, മെഡിക്കൽ ഓഫീസർ (പി. എച്ച്. സി) നിർവ്വഹണ ഉദ്യോഗസ്ഥനായി, 'മെൻസ്ട്രുവൽ കപ്പ് ബോധവത്കരണവും വിതരണവും' എന്ന പദ്ധതി ഏറ്റെടുത്തിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം./പേര് | S0068/2025, മെൻസ്ട്രുവൽ കപ്പ് ബോധവത്കരണവും വിതരണവും |
| ഫണ്ട് അടങ്കൽ/ചെലവ് | വികസന ഫണ്ട് - ജനറൽ, 80,000/- / 80,000/- |
| ബിൽ നം./തീയതി | 298/16.12.2024 (78,400/-)<br>299/16.12.2024 (1,135/-)<br>374/17.01.2025 (465/-) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി. എച്ച്. സി) |

എന്നാൽ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി മെൻസ്ട്രുവൽ കപ്പുകൾ വിതരണം ചെയ്യുന്നതിന് ക്വട്ടേഷനുകൾ ക്ഷണിക്കുകയും ലഭ്യമായ ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ തുക കോട്ട് ചെയ്ത,ആക്സ്റ്റൺ എഞ്ചിനീയറിംഗ് സൊല്യൂഷൻസ്, കടവന്ത്ര, കൊച്ചി എന്ന സ്ഥാപനത്തിൽ നിന്നും, യുണിറ്റ് കോസ്റ്റ് 280/- രൂപ നിരക്കിൽ, 280 മെൻസ്ട്രുവൽ കപ്പുകൾ വാങ്ങുകയും, ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് ബോധവത്കരണം നൽകി, വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. മെൻസ്ട്രുവൽ കപ്പിന്റെ ആകെ വിലയായ 78,400/- രൂപ ഇൻവോയ്സ് നം. AXT/35/24-25/ 19.10.2024 (പ്രകാരം), സപ്ലയറുടെ SBIN0008616/ 40988066549 നം. ബാങ്ക് അക്കൗണ്ടിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ, ഹിന്ദുസ്ഥാൻ ലാറ്റെക്സ് ലിമിറ്റഡ് (HLL) പൊതുമേഖലാ സ്ഥാപനമായതിനാലും, മെൻസ്ട്രുവൽ കപ്പ് ഉല്പാദിപ്പിക്കുന്നുണ്ട് എന്നതിനാലും, ടെൻഡർ/ ക്വട്ടേഷൻ നടപടികൾ ഒഴിവാക്കി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് മെൻസ്ട്രുവൽ കപ്പ് HLL -ൽ നിന്നു വാങ്ങാൻ, വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ (4.46)/ 26.07.2022 നം. യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, DA-1/278/2022/തസ്വഭവ/ 17.08.2022 നം. സർക്കുലർ പ്രകാരം സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ മറികടന്നുകൊണ്ട്, ആക്സ്റ്റൺ എഞ്ചിനീയറിംഗ് സൊല്യൂഷൻസ്, കടവന്ത്ര, കൊച്ചി എന്ന സ്വകാര്യ സ്ഥാപനത്തിൽ നിന്നും മെൻസ്ട്രുവൽ കപ്പുകൾ വാങ്ങിയതിന്റെ സാഹചര്യം, ബന്ധപ്പെട്ട പർച്ചേസ് കമ്മിറ്റി/ ഭരണസമിതി, വാങ്ങലിന് അംഗീകാരം നൽകിയതിന്റെ രേഖകൾ

ഉൾപ്പെടെ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (28/ 29.08.2025), മറുപടി ലഭ്യമാക്കിയില്ല. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ആവശ്യമായ രേഖകളുടെ അഭാവത്തിൽ, ഈ പ്രോജക്ടിനായി നടത്തിയ 78,400/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**II) <u>പ്രോജക്ട് നം. S0333/2025 – പി. എച്ച്. സി -യിൽ അധികമായി രോഗനിർണ്ണയ സൗകര്യം (ലാപ്ടോപ് പർച്ചേസ്)</u>**

ഗ്രാമ പഞ്ചായത്തിന്റെ 2024-2025 വാർഷിക പദ്ധതിയുടെ ഭാഗമായി, മെഡിക്കൽ ഓഫീസർ (പി. എച്ച്. സി) നിർവ്വഹണ ഉദ്യോഗസ്ഥനായി, 'പി. എച്ച്. സി -യിൽ അധികമായി രോഗനിർണ്ണയ സൗകര്യം' എന്ന പദ്ധതി ഏറ്റെടുത്തിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. / പേര് | S0333/2025, പി. എച്ച്. സി -യിൽ അധികമായി രോഗനിർണ്ണയ സൗകര്യം |
| ഫണ്ട്<br>അടങ്കൽ<br>ആകെ ചെലവ് | ഹെൽത്ത് ഗ്രാന്റ<br>7,52,000/-<br>1,95,823/- |
| ബിൽ നം. / തീയതി | 469/ 27.02.2025 (46,500/-) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ(പി. എച്ച്. സി) |

പദ്ധതി നിർവ്വഹണത്തിന് ലഭ്യമായ ക്വട്ടേഷനുകളിൽ കുറഞ്ഞ നിരക്ക് തുക ക്വോട്ട് ചെയ്ത, ക്ലിക്ക് ഓൺ ഐ.റ്റി സൊല്യൂഷൻസ്, പെരുവ, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും, യൂണിറ്റ് കോസ്റ്റ് 46,500/- രൂപ നിരക്കിൽ, ലാപ്ടോപ് (01 No.) വാങ്ങുകയും, FWC ഞീഴൂർ -ന് ഇഷ്യു ചെയ്യുകയും ചെയ്തിട്ടുണ്ട്. ലാപ്ടോപ്പും ക്യാരി ബാഗും ഉൾപ്പെടെ ആകെ വിലയായ 46,500/- രൂപ (ഇൻവോയ്സ് നം. 225144/ 05.02.2025 പ്രകാരം), സപ്ലയറുടെ FDRL0001109/ 11090200002259 നമ്പർ ബാങ്ക് അക്കൗണ്ടിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ, G.O (P) No. 10/2019/SPD/

22.08.2019 പ്രകാരം, സർക്കാർ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും മറ്റ് സ്ഥാപനങ്ങളും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും, കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ മുഖേന (Centralised Procurement And Rate Contract System - CPRCS) വാങ്ങേണ്ടതാണെന്ന നിബന്ധന ഉൾപ്പെടുത്തി, സ്റ്റോർ പർച്ചേസ് മാനുലിൽ ഖ. (7.52) ഉൾപ്പെടുത്തിയിട്ടുണ്ട്. CPRCS -ന്റെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത് 'കെൽട്രോൺ' ആണ്. കൂടാതെ, G.O (P) No. 02/2018/SPD/ 28.04.2018 പ്രകാരം, കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ സമാഹരണ പദ്ധതിയായ GeM (Government E Market Place) വെബ്പോർട്ടൽ മുഖേനയും വാങ്ങൽ നടപടികൾ സ്വീകരിക്കാവുന്നതാണ്. ഈ സാഹചര്യത്തിൽ, സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ മറികടന്നുകൊണ്ട്, ക്ലിക്ക് ഓൺ ഐ.റ്റി സൊല്യൂഷൻസ്, പെരുവ, കോട്ടയം എന്ന സ്വകാര്യ സ്ഥാപനത്തിൽ നിന്നും പ്രസ്തുത ലാപ്ടോപ് വാങ്ങിയതിന്റെ സാഹചര്യം, ബന്ധപ്പെട്ട പർച്ചേസ് കമ്മിറ്റി/ ഭരണസമിതി, അംഗീകാരം നൽകിയതിന്റെ മിനിട്ട് രേഖകൾ ഉൾപ്പെടെ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (28/ 29.08.2025), മറുപടി ലഭ്യമാക്കിയില്ല. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ആവശ്യമായ രേഖകളുടെ അഭാവത്തിൽ, ലാപ്ടോപ്പ് വാങ്ങുന്നതിനായി ചെലവഴിച്ച 46,500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 ഗവൺമെന്റ് സ്കൂളിലേക്ക് മൈക്ക് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ- അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 95/25 |
| അടങ്കൽ | 100000 (മെയിന്റനൻസ് ഗ്രാന്റ്) |
| ചെലവ് ബിൽ നമ്പർ/തീയതി | 99912 /-, 468/09.12.25 |

| | |
|---|---|
| നിർവ്വഹണോ-ദ്യഗസ്ഥൻ | ഹെഡ് മിസ്ട്രസ് |

പ്രസ്തുത പ്രോജക്റ്റ് പ്രകാരം R J Enterprises എന്ന സ്ഥാപനത്തിൽ നിന്നും അഹുജ കമ്പനിയുടെ ആമ്പ്ലിഫയർ, മൈക്രോഫോൺ, സ്പീക്കർ, മിക്സർ തുടങ്ങി 9 ഇനം ഉപകരണങ്ങൾ വാങ്ങിയതിന് 99912/- രൂപ ചെലവഴിച്ചിട്ടുണ്ട്.

പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

Store Purchase (A) വകുപ്പിന്റെ 26.04.2019 ലെ ജി ഒ (പി) നം.7/2019/എസ് പി ഡി തീ. 26.04.2019 നമ്പർ ഉത്തരവ് പ്രകാരം 50,000/- രൂപയ്ക്ക് താഴെയുള്ള വാങ്ങലുകൾ GEMൽ ലഭ്യമായ ഏതെങ്കിലും വിതരണക്കാരനിൽ നിന്നും നേരിട്ടു വാങ്ങാമെങ്കിലും ടി തുകയ്ക്ക് മുകളിലുള്ളവയ്ക്ക് ആവശ്യമായ ഗുണനിലവാരം, സ്പെസിഫിക്കേഷൻ, വിതരണ കാലയളവ് എന്നിവ അനുയോജ്യമാണെങ്കിൽ കുറഞ്ഞത് മൂന്ന് നിർമ്മാതാക്കളുടെ നിരക്ക് താരതമ്യം ചെയ്ത് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ നിർമ്മാതാവിൽ നിന്നും വാങ്ങണമെന്ന് വ്യവസ്ഥ ചെയ്യുന്നു. (L1 പർച്ചേസ്) എന്നാൽ ടി പ്രോജക്ടിൽ മേൽ നിബന്ധന പാലിച്ചു കാണുന്നില്ല. പകരം ഓരോ ഐറ്റം വാങ്ങുന്നതിനും 50000 രൂപയിൽ താഴെയുള്ള വാങ്ങലായി പരിഗണിച്ച് (Direct Purchase)സാങ്ഷൻ ഓർഡർ നൽകി ലഭ്യമായ ഏതെങ്കിലും വിതരണക്കാരനിൽ നിന്നും വാങ്ങാമെന്ന രീതി അവലംബിക്കുകാണ് ചെയ്തത്. മേൽ പർച്ചേസിൽ 9 ഇനം മൈക്ക് അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് 9 പ്രത്യേക ഉപകരണങ്ങൾ ലഭ്യമാക്കുകയാണ് ചെയ്തത്. സാങ്ഷൻ ഓർഡർ നല്കി ഒരേ സപ്ലൈറുടെ പക്കൽ നിന്ന് വാങ്ങിയത് വഴി മത്സരാധിഷ്ഠിത ടെണ്ടർ നടപടികൾ നടന്നിട്ടില്ല. പ്രോജക്റ്റ് പ്രകാരമുള്ള ഇനങ്ങൾ വിഭജിച്ചു നൽകിയതിനാൽ ടെണ്ടർ നടപടികളിലൂടെയുള്ള മത്സരം ഉറപ്പാക്കിയിട്ടില്ല. കൂടാതെ ആവശ്യമായ ഉപകരണങ്ങളുടെ ഇനം സ്പെസിഫിക്കേഷൻ എന്നിവ ഉൾപ്പെടുത്തി ടെണ്ടർ നോട്ടീസും തയ്യാറാക്കിയിട്ടില്ല. R J Enterprises എന്ന സ്ഥാപനം ക്വാട്ട് ചെയ്ത നിരക്കുകളും ഫയലിൽ ലഭ്യമല്ല. നടപടിക്രമങ്ങൾ പാലിക്കാതെ നിർവ്വഹണം നടത്തിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (12/27.08.2025)ന്

മറുപടി ലഭ്യാക്കിയില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ 99912/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1.19 കാലി ബാരലിന്റെ വില നിശ്ചിത ശീർഷകത്തിൽ അടവാക്കിയില്ല.

ഗ്രാമപഞ്ചായത്ത് തൻ വർഷം നടപ്പാക്കിയ 36 റോഡ് ടാറിംഗ് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ കാലിബാരൽവില ഉൾപ്പെടെയുള്ള തുക ട്രഷറിയിൽനിന്നും പിൻവലിച്ചിട്ടുണ്ടെങ്കിലും ആയത് നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കാതെ പഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുള്ളതായി കാണുന്നു.

| ക്രമ നം. | പ്രോജക്ട് നം/പേര് | ഫണ്ട് | ടാർവീപ്പകളുടെ വില തനത് ഫണ്ടിൽ നിക്ഷേപിച്ചത് | ജി.എസ്.ടി |
|---|---|---|---|---|
| 1 | 212- അമ്പലത്തുപറമ്പ്-ആലാപുരം റോഡ് മെയിന്റനൻസ് | റോഡ് സംരക്ഷണഗ്രാന്റ് | 1904 | 344 |
| 2 | 216- പഞ്ചായത്ത് പടി -പ്ലാംപറമ്പ് റോഡ് മെയിന്റനൻസ് | " | 1428 | 258 |
| 3 | 219- എഴുത്തുംകടവ് റോഡ് മെയിന്റനൻസ് വാർഡ് 14 | " | 2585 | 473 |
| 4 | 211- ചൊള്ളത്തടം നെടിയമല റോഡ് മെയിന്റനൻസ് | " | 4248 | 774 |
| 5 | 245- തോണ്ടംകുഴി ചിറനിരപ്പ് റോഡ് മെയിന്റനൻസ്. | " | 3094 | 559 |

| | | | | |
|---|---|---|---|---|
| 6 | 209- മേപ്പാടം – ഒലിക്കൽ റോഡ് മെയിന്റനൻസ്. | " | 4046 | 602 |
| 7 | 264- വാക്കാട് – ചെരുവിക്കുഴി റോഡ് മെയിന്റനൻസ്. | " | 3332 | 602 |
| 8 | 241- കണക്കംചേരി – പാട്ടുപുരയ്ക്കൽ ചെറുംതടം റോഡ് മെയിന്റനൻസ്. | " | 4284 | 774 |
| 9 | 201- കാട്ടാമ്പാക്ക് കളരിക്കുന്ന് റോഡ് റീ ടാറിംഗ് | " | 3094 | 559 |
| 10 | 213- മാടത്തക്കാട്ട് നിരവം മിച്ചഭൂമി റീ ടാറിംഗ് സൈഡ് പ്രൊട്ടക്ഷൻ | " | 1190 | 215 |
| 11 | 199- വിളയംകോട് ജയഗിരി റോഡ് റീ ടാറിംഗ് | " | 1666 | 301 |
| 12 | 257- കുന്നുകുഴി എല്ലിക്കൽ റോഡ് മെയിന്റനൻസ്. | " | 3570 | 645 |
| 13 | അധികരിച്ച ടെൻഡർ തുക | " | 2618 | 473 |
| 14 | 240- പെരുംപുഞ്ച നിരലക്കോട് റോഡ് മെയിന്റനൻസ് സൈഡ് പ്രൊട്ടക്ഷൻ | " | 3808 | 686 |
| 15 | 295- തിരുവമ്പാടി മുട്ടുകുഴി റോഡ് മെയിന്റനൻസ് | " | 1428 | 258 |
| 16 | 242- തിരുവമ്പാടി ലക്ഷംവീട് ചിറനിരപ്പ് റോഡ് | " | 4284 | 772 |

| | | | | |
|---|---|---|---|---|
| | മെയിന്റനൻസ് | | | |
| 17 | 248- ആറാട്ടുകടവ് കല്യാണിമുക്ക് റോഡ് മെയിന്റനൻസ്. | " | 714 | 130 |
| 18 | 87- വിശ്വഭാരതി അമ്പലപ്പടി പാറേപ്പറമ്പ് റോഡ് മെയിന്റനൻസ്. | " | 2760 | 498 |
| 19 | 117- വട്ടക്കുന്ന് മുട്ടക്കടവ് റോഡ് മെയിന്റനൻസ്. | " | 3332 | 602 |
| 20 | 210- മുക്കവെലക്കുന്ന് വട്ടീന്തുങ്കൽ റോഡ് മെയിന്റനൻസ്. | " | 4046 | 730 |
| 21 | 142- തോട്ടുവെളി മലായി പുത്തൻ പുര റോഡ് മെയിന്റനൻസ്. | " | 2380 | 430 |
| 22 | 247- ഭജനമഠം വലിയപ്ലാവ് റോഡ് മെയിന്റനൻസ്. | " | 3808 | 686 |
| 23 | 260- വടക്കേ നിരപ്പ് മുട്ടക്കാട് മനയ്ക്കപ്പെറമ്പ് റോഡ് മെയിന്റനൻസ്. | " | 2856 | 514 |
| 24 | 84- തുരുത്തിപ്പള്ളി മാണാടി റോഡ് മെയിന്റനൻസ്. | " | 2142 | 386 |
| 25 | 76- ആക്കത്തടം ഊന്നുകല്ല് റോഡ് മെയിന്റനൻസ്. | " | 3808 | 686 |
| 26 | 267- കുറുമാപ്പുറം ചിറനിരപ്പ് റോഡ് മെയിന്റനൻസ്. | " | 4760 | 858 |

| | | | | |
|---|---|---|---|---|
| 27 | 75- കുറുമാപ്പുറം ചിറനിരപ്പ് റോഡ് മെയിന്റനൻസ്. | " | 4522 | 814 |
| 28 | 105- ശാന്തിപുരം തലച്ചിറ റോഡ് മെയിന്റനൻസ്. | " | 1904 | 344 |
| 29 | 327- കൃഷ്ണാടി മടുക്ക റോഡ് മെയിന്റനൻസ്. | " | 1428 | 258 |
| 30 | 147- നീരലക്കോട് കുരങ്ങാട്ട് നിരപ്പ് റോഡ് മെയിന്റനൻസ്. | " | 1428 | 258 |
| 31 | 329- മാന്താട്ടുകുന്ന് കളരിക്കുന്ന് റോഡ് മെയിന്റനൻസ്. | " | 1190 | 216 |
| 32 | 120- വട്ടീന്തുങ്കൽ -തോണ്ടൻ ചിറ റോഡ് മെയിന്റനൻസ്. | " | 6188 | 1114 |
| 33 | 352- വെട്ടിക്കാട് പ്ലാക്കുന്ന് റോഡ് കൺസ്ട്രക്ഷൻ വാർഡ്-2 | " | 1190 | 216 |
| 34 | 106- നെടിയാനി നെടിയമല റോഡ് മെയിന്റനൻസ്. | " | 1904 | 344 |
| 35 | 89- സി.എസ്.ഐ ചർച്ച് വടക്കേപ്പുറം റോഡ് മെയിന്റനൻസ് | " | 1428 | 514 |
| 36 | 89- വെണ്ണമറ്റം പാറയ്ക്കൽ റോഡ് റീ ടാറിംഗ് | " | 3094 | 558 |
| | | ആകെ | 99319 | 17809 |

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 30.10.17-ലെ 59827/എഫ്.എം/07 നമ്പർ സർക്കുലർ പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന കാലിവീപ്പകളുടെ വില ഏത് ഫണ്ടിൽനിന്നാണോ ടാർ വാങ്ങിയത് അഥവാ ഏത് ഫണ്ട് വിനിയോഗിച്ചാണോ പ്രവൃത്തി നടത്തിയത് അതേ ഫണ്ടിലേക്ക്, ധനകാര്യവകുപ്പിന്റെ 12.4.06-ലെ ജി.ഒ.(പി)177/06 നമ്പർ ഉത്തരവിലെ ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്.

ആയതിനാൽ ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം.25/29.08.25) മറുപടി ലഭ്യമാക്കിയതിൽ സർക്കാർ നിർദ്ദേശാനുസരണം തുക തിരികെ അടവാക്കി മെയിന്റനൻസ് ഗ്രാന്റ് റോഡ് ഹെഡിലേയ്ക്ക് മാറ്റുന്നതിനായി 30/08/25 ൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് കത്ത് നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശാനുസരണം തുകകൾ ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-20 പന്ത്രണ്ടാം വാർഡിലെ കുടുംബക്ഷേമ കേന്ദ്രം -നിർമ്മാണം പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് | പന്ത്രണ്ടാം വാർഡിലെ കുടുംബക്ഷേമ കേന്ദ്രം നിർമ്മാണം |
| പ്രോജക്റ്റ്നം. | 335/25 |
| അടങ്കൽ | 2775000 |
| ചെലവ് | 2,86,687/- |
| ബിൽ നം & തീയതി | 1)423/06/02/2025 രൂപ. 40120/-<br>2)664/22/03/25 -രൂപ. 246567 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ, ഞീഴൂർ ഗ്രാമപഞ്ചായത്ത് |

ഞീഴൂർ ഗ്രാമപഞ്ചായത്തിലെ കുടുംബാരോഗ്യകേന്ദ്രം നിർമ്മാണത്തിനായി സ്വകാ്യ വ്യക്തി വ്യവസ്ഥകൾക്ക് വിധേയമായി ദാനാധാരം ചെയ്യു നൽകിയ വസ്തുവിൽ നിർമ്മാണം നടത്തുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥയായി പ്രോജക്ട് തയ്യാറാക്കുകയും തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ 09.11.2023ലെ01/20892/2023-ാം നമ്പർ ഉത്തരവ് ലഭ്യമാക്കി നിർമ്മാണം ആരംഭിക്കുകയും ചെയ്യു. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥയായി തയ്യാറാക്കിയ മേൽ പ്രോജക്ടിനായി 55.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും കുറവ് തുക കോട്ട് ചെയ്യ ജോണി ജോസഫ് എന്ന വ്യക്തിയുടെ പാണക്കുഴി കൺസ്ട്രക്ഷൻ എന്ന് സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകിച്ച് 08/08/2024 തീയതിയിൽ 62/AE/LSGD/NJR/2023-24 -ാം നമ്പരായി എഗ്രിമെന്റ് വയ്ക്കുകയും ചെയ്യു. 2024-25 സാമ്പത്തിക വർഷം 2,86,687/- രൂപ ചെലവഴിക്കുകയും ചെയ്യു . തുടർന്ന് 2025 -26 സാമ്പത്തിക വർഷം 17,51,067/- രൂപ ഹെൽത്ത് ഗ്രാന്റിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വേളയിലെ സൈറ്റ് പരിശോധനയിൽ ബേസ്മെന്റ് മാത്രം പൂർത്തീകരിച്ചതായാണ് കാണുന്നത്. പ്രവൃത്തി പൂർത്തീകരിക്കാത്തതിന്റെ സാഹചര്യം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് 30/08/25 ൽ നൽകിയ 29 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ മറുപടിയിൽ ആരോഗ്യവകുപ്പിന്റെ ടിപ്പിക്കൽ പ്ലാനും സാങ്കേതികാനുമതിയും ലഭ്യമാക്കിയതിന് ശേഷമാണ് എഗ്രിമെന്റ് വച്ച് നിർമ്മാണം ആരംഭിച്ച് എന്നും എന്നാൽ കോളം ഫൂട്ടിംഗിന് എർത്ത് വർക്ക് എക്സ്കവേഷൻ നടത്തിയപ്പോൾ ബെയറിംഗ് കപ്പാസിറ്റി കുറവുള്ള സോയിൽ ആണെന്ന് മനസ്സിലാക്കുകയും തുടർന്ന് സ്ട്രക്ചറൽ കൺസൾട്ടന്റിനെ തെരഞ്ഞെടുത്ത് മണ്ണ് പരിശോധന നടത്തി ഫൗണ്ടേഷൻ ഡിസൈൻ ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവെന്നും, ഫൗണ്ടേഷൻ ഡിസൈൻ ലഭ്യമായപ്പോൾ സോയിൽ സ്റ്റെബിലൈസ് ചെയ്യുന്നതിന് സാന്റ് പൈൽ ചെയ്യേണ്ടി വരികയും അതുകൊണ്ട് സ്ട്രക്ചറൽ ഡിസൈൻ പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തികൾ പുനരാംരംഭിച്ചത് എന്നും മഴ കാരണം പ്ലിന്ത് ഫില്ലിംഗിന് ആവശ്യമായ മണ്ണ് സൈറ്റിലേയ്ക്ക് എത്തിക്കുന്നതിന് കാലതാമസം ഉണ്ടായതിനാൽ പ്രവൃത്തി തടസ്സപ്പെട്ടു എന്നുമാണ് മറുപടി നൽകിയിട്ടുള്ളത്.

ടെൻഡർ വിളിച്ച് എഗ്രിമെന്റ് വയ്ക്കുന്നതിന് മുൻപ് സോയിൽ ടെസ്റ്റിംഗ് നടത്തി സൈറ്റ് മേൽ പ്രോജക്ടിന് അനുയോജ്യമാണ് എന്ന് ഉറപ്പ് വരുത്താതെ നിർമ്മാണം ആരംഭിച്ചതിനാലാണ് പ്രവത്തി പുരോഗതി കൈവരിക്കാത്തത് എന്ന് വിലയിരുത്തുന്നു. വൻ തുകകൾ ചെലവഴിച്ച് നടത്തുന്ന ഇത്തരം പ്രവൃത്തികൾ കൃത്യമായ മുന്നൊരുക്കങ്ങൾ നടത്തിയതിനു ശേഷം ആരംഭിക്കുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും അടിയന്തിര ശ്രദ്ധ നൽകേണ്ടതാണ്.

നിർമ്മാണ അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ 09.11.2023ലെ ഉത്തരവിലെ 9 നിർദ്ദേശങ്ങളും ദാനാധാരത്തിലെ വ്യവസ്ഥകളും കൃത്യമായി പാലിച്ചുകൊണ്ട് നിർമ്മാണം പൂർത്തിയാക്കാൻനടപടി സ്വീകിരക്കേണ്ടതാണ്. നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ തൻവർഷം ചെലവഴിച്ച് 2,86,687/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 കുടിവെള്ള പദ്ധതികൾ- ഗുണഭോക്തൃ സമിതിയ്ക്ക് കൈമാറുന്നില്ല.

| ക്രമ നമ്പർ | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | ഫണ്ടിനം | റിമാർക്ക് |
|---|---|---|---|---|---|
| 1 | S0109/25 | കാഞ്ഞിരക്കാട് കുടിവെള്ള പദ്ധതി മെയിന്റനൻസ് | 31571/- | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | കിണർ നവീകരണം |
| 2 | S0266/25 | എം.എൻ ലക്ഷംവീട് കുടിവെള്ള പദ്ധതിയ്ക്ക് മോട്ടോർ സ്ഥാപിക്കൽ | 99,897/- | " | 7.5HP മോണോബ്ലോക്ക് സെൻട്രിഫ്യൂഗൽ പമ്പ് കിണറിനുള്ളിൽ സ്ഥാപിക്കൽ |
| 3 | S0325/25 | കാഞ്ഞിരക്കാട് കുടിവെള്ള | 1,98,469/- | 183469 (ധനകാര്യ | മോട്ടോർ സ്ഥാപിക്കൽ (നിലവിലുള്ള 15HP പമ്പിന് |

| | | | | | |
|---|---|---|---|---|---|
| | | പദ്ധതിയ്ക്ക് മോട്ടോർ സ്ഥാപിക്കൽ (SO) | | കമ്മീഷൻ (ഗ്രാന്റ്) 15,000/- (തനത് ഫണ്ട്) | സപ്പോർട്ട് ചെയ്യുന്നതിനായി 12.5HP പമ്പ് വാങ്ങി സ്ഥാപിക്കൽ) |

സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി.28.05.2022 14-ാം സബ്സിഡി മാർഗ്ഗരേഖ 6.6 കുറിപ്പ് 7(iv) പ്രകാരം കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കുമ്പോൾ അവയുടെ പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളേയും ഉൾപ്പെടുത്തിയുള്ള ഗുണഭോക്തൃ ഗ്രൂപ്പ് രൂപീകരിക്കേണ്ടതാണെന്നും നിർമ്മാണം പൂർത്തിയാക്കിയശേഷം പ്രോജക്ടിന്റെ തുടർ നടത്തിപ്പും അറ്റകുറ്റപ്പണിയുടെ ചുമതലയും ഗുണഭോക്തൃ ഗ്രൂപ്പ് തന്നെ ഏറ്റെടുക്കേണ്ടതാണെന്നും അങ്ങനെ ഏറ്റെടുക്കാമെന്ന കരാറിൽ ഏർപ്പെട്ടശേഷമേ നിർവ്വഹണം ആരംഭിക്കാൻ പാടുള്ളൂവെന്നും നിർദ്ദേശിക്കുന്നു. കൂടാതെ പട്ടികജാതി പട്ടികവർഗ്ഗ കുടിവെള്ള പദ്ധതികളിലെ അറ്റകുറ്റപ്പണികളും പൊതുവിഭാഗം കുടിവെള്ള പദ്ധതികളിലെ 50,000/- രൂപയിൽ കൂടുതലായി വരുന്ന അറ്റകുറ്റപ്പണികളും ഗ്രാമപഞ്ചായത്തുകൾക്ക് വഹിക്കാവുന്നതാണെന്നും പറയുന്നു. എന്നാൽ മേൽ കുടിവെള്ള പ്രോജക്റ്റുകളുടെ തുടർനടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃസമിതികളെ ഏൽപ്പിച്ചതായി കാണുന്നില്ല. മേൽ പ്രോജക്ടുകൾ ഗുണഭോക്തൃസമിതിയെ ഏല്പിച്ചതിന്റെയും ഗുണഭോക്തൃസമിതിയുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിന്റെയും വിശദാംശങ്ങൾ അറിയിക്കുന്നതിനായി 29.08.25 -ലെ 17-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ കുടിവെള്ള പദ്ധതികൾ വർഷങ്ങളായി നല്ല നിലയിൽ പ്രവർത്തിക്കുന്നുവെന്നും ടി കുടിവെള്ള പദ്ധതികളിൽ അംഗങ്ങളായ ഗുണഭോക്താക്കൾ തികച്ചും സാധാരണക്കാരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമാണ് എന്നും ആയതിനാൽ തന്നെ വലിയ ഭാരിച്ച തുകകൾ പിരിവെടുത്ത് പുതിയ മോട്ടോർ വാങ്ങുന്നതിനും മരാമത്ത് പ്രവൃത്തികൾ ചെയ്യുന്നതിനും സാധിക്കുകയില്ല എന്നും മറുപടി നൽകിയിട്ടുണ്ട്. പ്രതിമാസം അടയ്ക്കേണ്ട ഇലക്ട്രിസിറ്റി ബില്ലിനും

മോട്ടോർ കേടാവുമ്പോൾ ചെയ്യേണ്ട മെയിന്റനൻസ് , പൈപ്പ് പൊട്ടുകയോ കിണർ വൃത്തിയാക്കേണ്ടി വരുകയോ ചെയ്യണ്ടി വരുകയോ ചെയ്യുന്ന പക്ഷം തന്നെ ബുദ്ധിമുട്ടുന്നവരാണ് കുടിവെള്ള പദ്ധതിയുടെ ഗുണഭോക്താക്കൾ എന്നതിനാലും CFC ടൈഡ് ഫണ്ട് ഉപയോഗിച്ച് കുടിവെള്ള പദ്ധതികളുടെ നവീകരണം അല്ലാതെ മറ്റ് മരാമത്ത് പ്രവൃത്തികൾ സാധ്യമാകാത്ത സാഹചര്യത്തിലുമാണ് ഇവ ഏറ്റെടുത്ത് നിർവ്വഹണം നടത്തിയത് എന്നുമാണ് മറുപടി നൽകിയിട്ടുണ്ടങ്കിലും കരാറോ മറ്റു വിശദാംശങ്ങളോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം പൂർത്തീകരിച്ച കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറേണ്ടതാണ്. വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-22 തെരുവുവിളക്കുകൾ വാങ്ങൽ- അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 40/25 തെരുവിളക്കുകൾക്ക് അനുബന്ധ സാമഗ്രികൾ വാങ്ങൽ |
| അടങ്കൽ | 544904/- |
| ചെലവ് | 544506/-<br>1.ബിൽ നമ്പർ 794/20.03.25 രൂപ 257462/-<br>2.ബിൽ നമ്പർ 692/25.03.25 രൂപ 287044/- |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

പ്രോജക്ട് പ്രകാരം തെരുവുവിളക്ക് അനുബന്ധ ഉപകരണങ്ങൾ വാങ്ങിയതിന് 544506/- രൂപ ശ്രീ വിനോദ് തടത്തിൽ എന്ന ആൾക്ക് നൽകിയിട്ടുണ്ട്.

പ്രോജക്ട് നിർവ്വഹിച്ചതിലെ അപാകതകൾ ചുവടെ ചേർക്കുന്നു

- അഞ്ചു ലക്ഷം രൂപയ്ക്ക് മുകളിലുള്ള ടെണ്ടറുകൾക്ക് എല്ലാ വകുപ്പുകൾക്കും ഇ ടെണ്ടർ നടപടികൾ ബാധകമാക്കി സർക്കാർ ഉത്തരവായിട്ടുണ്ട്(സ ഉ എം എസ് 13/2015/ITD തീയതി 12.05.2025) . എന്നാൽ മാന്വൽ ടെണ്ടറിലൂടെയാണ് ശ്രീ വിനോദ് തടത്തിലിന് കരാർ നൽകിയത്.

ടിയാൻ രണ്ട് ഇൻവോയ്സ് പ്രകാരമാണ് ഉപകരണങ്ങൾ സപ്ലൈ ചെയ്തത് .ഇതിൽ രണ്ടാമത്തെ ഇൻവോയ്സ് 287044/- രൂപയുടെയാണ് .ആയത് ബിൽ 692/10.03.25 പ്രകാരം സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട് .The Central Goods & Services Tax Act-2017, The Kerala State Goods & Services Tax Act-2017 എന്നീ നിയമങ്ങളിലെ സെക്ഷൻ 51(1) പ്രകാരം GST ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്യതിന് ശേഷം ബിൽ തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.5 ലക്ഷം രൂപയിൽ കൂടുതൽ ആണ് എങ്കിൽ കരാർ തുകയുടെ 1% CGST, 1% SGST എന്നിങ്ങനെ ആകെ 2% തുക GST ആയി സ്രോതസ്സിൽ(ടി.ഡി.എസ്.) കുറവ് ചെയ്യേണ്ടതാണ്. തുടർന്ന് നികുതി റിട്ടേൺ ഫയൽ ചെയ്ത് GST ഒടുക്കേണ്ടതുമാണ്. സ്ഥാപനം നികുതി റിട്ടേൺ ഫയൽ ചെയ്യതിന്റെ വിവരം ഹാജരാക്കേണ്ടതാണ്.

അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ അന്വേഷണക്കുറിപ്പിന് (16/27.08.2025) ലഭ്യമാക്കിയ മറുപടിയിൽ അപാതകൾക്കുള്ള വിശദീകരണം ഉൾപ്പെടുത്തിയില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ 544506/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 വനിതാഫിറ്റ്നസ് സെന്ററിലേക്ക് ഉപകരണങ്ങൾ വാങ്ങൽ- നടപടിക്രമങ്ങൾ പാലിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S008/25 |
| അടങ്കൽ | 150000/-, വികസനഫണ്ട് (പൊതുവിഭാഗം)<br>22000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>----------<br>172000/- |
| ചെലവ് | 149634/- ബിൽ നമ്പർ 631/17.02.2025<br>21600/- ബിൽ നമ്പർ 827/25.3.25 |

| | |
|---|---|
| | ---------<br>171234/- |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ടി പ്രോജക്ട് പ്രകാരം 171234/-രൂപ ചെലവഴിച്ച് ഗ്രാമപഞ്ചായത്തിലെ വനിതാഫിറ്റനെസ് സെന്ററിലേക്ക് ഉപകരണങ്ങൾ സപ്ലൈ ചെയ്യതിന്(ജെം മുഖേന) ബോഡി പ്ലസ് സ്പോർട്ട്സ് ആന്റ് ഫിറ്റനെസ് എക്യുപ്മെന്റ് സെന്റർ കൊച്ചുള്ളൂർ എന്ന സ്ഥാപനത്തിന് തുക നൽകിയിട്ടുണ്ട്. വാങ്ങിയ ഉപകരണങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വിവരണം | എണ്ണം | ജി എസ് റ്റി ഉൾപ്പെടെയുള്ള തുക | ഇൻവോയ്സ് നമ്പർ/ തീയതി |
|---|---|---|---|---|
| 1. | Unbranded 10 Kg Rubberised Weight Plates | 2 | 3800 | CA/229/24-25<br>27.12.24 |
| 2 | Unbranded Hexagonal Rubberised Weight Plates 20 Kg | 2 | 15200 | CA/227/24-25<br>27.12.24 |
| 3 | Unbranded Medicine Ball | 1 | 1584 | CA/226/24-25<br>27.12.24 |
| 4 | Unbranded 8 Kg Competition Bells | 1 | 2320 | CA/224/24-25<br>27.12.24 |
| 5 | Unbranded 16 Kg Yellow Comp. Kettle Bells | 1 | 3840 | CA/223/24-25<br>27.12.24 |
| 6 | UnbrandedMulti Adjustable Bench | 1 | 49000 | CA/222/24-25<br>27.12.24 |
| 7 | Unbranded Weight Lifting Set | 1 | 2730 | CA/221/24-25<br>27.12.24 |

| | | | | |
|---|---|---|---|---|
| 8 | Unbranded AB Aerobic Stepper Of Load Capacity 160 Kg | 5 | 7750 | CA/220/24-25 27.12.24 |
| 9 | Unbranded Medicine Ball | 1 | 2640 | CA/225/24-25 27.12.24 |
| 10 | Unbranded Synthetic Fibre Professional Heavy Excercise Board | 3 | 1170 | CA/217/24-25 27.12.24 |
| 11 | Unbranded Plate Loaded Leg Extension Machine | 1 | 50000 | CA/219/24-25 27.12.24 |
| 12 | Unbranded 15 Kg Rubberised Weight Plate | 2 | 5700 | CA/228/24-25 27.12.24 |
| 13 | Unbranded 5 Kg Rubberised Weight Plates | 2 | 1900 | CA/227/24-25 27.12.24 |
| 14 | Unbranded PVC Blue Swiss Gymball | 1 | 2000 | CA/218/24-25 27.12.24 |
| | ആകെ | | 149634 | |

പ്രോജക്ക് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

Store Purchase (A) വകുപ്പിന്റെ 26.04.2019 ലെ ജി ഓ (പി) നം.7/2019/എസ് പി ഡി തീ.26.04.2019 പ്രകാരം 50,000/- രൂപയ്ക്ക് താഴെയുള്ള വാങ്ങലുകൾ GEMൽ ലഭ്യമായ ഏതെങ്കിലും വിതരണക്കാരനിൽ നിന്നും നേരിട്ടു വാങ്ങാമെങ്കിലും ടി തുകയ്ക്ക് മുകളിലുള്ളവയ്ക്ക് ആവശ്യമായ ഗുണനിലവാരം, സ്പെസിഫിക്കേഷൻ, വിതരണ കാലയളവ് എന്നിവ അനുയോജ്യമാണെങ്കിൽ കുറഞ്ഞത് മൂന്ന് നിർമ്മാതാക്കളുടെ നിരക്ക് താരതമ്യം ചെയ്ത് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ നിർമ്മാതാവിൽ നിന്നും വാങ്ങണമെന്ന് വ്യവസ്ഥ ചെയ്യുന്നു. (L1 പർച്ചേസ്) എന്നാൽ മേൽ പ്രോജക്ടിൽ ടി നിബന്ധന പാലിച്ചു കാണുന്നില്ല. പകരം ഓരോ ഐറ്റം വാങ്ങുന്നതിനും 50000 രൂപയിൽ താഴെയുള്ള വാങ്ങലായി പരിഗണിച്ച് വെവ്വേറെ സാങ്ഷൻ ഓർഡർ നൽകി ലഭ്യമായ ഏതെങ്കിലും വിതരണക്കാരനിൽ നിന്നും വാങ്ങാമെന്ന രീതി (Direct Purchase) അവലംബിക്കുകയാണ് ചെയ്തത്. 13 ഇനം ഉപകരണങ്ങൾ

വാങ്ങുന്നതിന് 19.12.24 ൽ 13 സാങ്ഷൻ ഓർഡർ നലകിഉപകരണങ്ങൾ വാങ്ങുകയാണ് ചെയ്യത്. പ്രസ്തുത സ്ഥാപനവുമായി ഏർപ്പെട്ട കരാർ, വാറണ്ടി എന്നിവ ഫയലിൽ ലഭ്യമല്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (13/27.08.2025)വിവിധ ബ്രാൻഡുകളിലെ വിവിധ സ്വഭാവങ്ങളിലുള്ള ഉപകരണങ്ങൾ ജെം പോർട്ടലിൽ ഡയറക്റ്റ് പർച്ചേസിലാണ് ലഭ്യമായതിനാലാണ് L1 പർച്ചേസ് നടപടിക്രമങ്ങൾ പാലിക്കാൻ സാധിക്കാഞ്ഞതെന്നും സാങ്കേതികസഹായം തേടി അപാകത പരിഹരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി

സെക്രട്ടറി നടപ്പാക്കിയ പ്രോജക്റ്റ് 25/25 ഘടകസ്ഥാപനങ്ങളിലേക്ക് കമ്പ്യൂട്ടർ പ്രിന്റർ വാങ്ങൽ, 325/25 ബഡ്സ് സ്കൂളുകളിലേക്ക് ആവശ്യ ഉപകരണങ്ങൾ വാങ്ങൽ എന്നീ പ്രോജക്ടുകളിലും ഐ ടി ഉപകരണങ്ങൾ കെ എം ടെക്നോളജീസ് എന്ന സ്ഥാപനത്തിൽ നിന്നും L1 പർച്ചേസ് നിബന്ധന പാലിക്കാതെ നേരിട്ടു വാങ്ങിയിട്ടുണ്ട് .പ്രോജക്റ്റ് പ്രകാരം വാങ്ങേണ്ട ഇനങ്ങൾ വിഭജിച്ച് നൽകിയതിനാലാണ് നടപടിക്രമങ്ങളിൽ അപാകത ഉണ്ടായത്.

L1 വാങ്ങൽ/ബിഡിങ്ങ് എന്നിവ ഒഴിവാക്കുന്നതിന് ആവശ്യമുള്ള സാധനങ്ങളെ വിഭജിച്ചു നൽകാൻ പാടില്ല എന്ന് സ്റ്റോർ പർച്ചേസ് മാന്വലിൽ വ്യക്തമാക്കുന്നുണ്ട്. മത്സരാധിഷ്ഠിത ടെണ്ടർ നടപടികൾ നടന്നിട്ടില്ലാത്തതിനാൽ മേൽ വാങ്ങലുകളിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. സ്റ്റോർ പർച്ചേസ് മാന്വലിന്റെ നിർദ്ദേശിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്

## 1-24 എം. സി. എഫ് -ലേയ്ക്കുള്ള മാലിന്യ നീക്കത്തിന് വാഹന വാടക - തനത് ഫണ്ടിൽ അധിക ചെലവ്

വിവിധ വാർഡുകളിൽ ശേഖരിച്ച മാലിന്യം. എം. സി. എഫ് -ൽ എത്തിച്ചതിന് വാഹന വാടക ഇനത്തിൽ ഗ്രാമ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും തുക അനുവദിച്ച് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം./ തീയതി | ചെലവിനം | തുക (Rs.) | ഫയൽ നം. |
|---|---|---|---|---|
| 1) | 22400184/ 11-06-2024 | പ്ലാസ്റ്റിക് മാലിന്യം എം.സി.എഫ് -ൽ എത്തിച്ചതിനുള്ള വാഹന വാടക | 4850 | 400472/GAMV07/General/2024/1711 |
| 2) | 22400215/ 15-06-2024 | ലഗസി മാലിന്യം എം.സി.എഫ് -ൽ എത്തിച്ചതിനുള്ള വാഹന വാടക | 1600 | 400472/GAMV07/General/2024/1796 |
| 3) | 22400959/ 10-01-2025 | ലഗസി മാലിന്യം എം.സി.എഫ് -ൽ എത്തിച്ചതിനുള്ള വാഹന വാടക | 1300 | 400472/GARC18/General/2025/89 |
| 4) | 22401047/ 06-02-2025 | ലഗസി മാലിന്യം എം.സി.എഫ് -ൽ എത്തിച്ചതിനുള്ള വാഹന വാടക | 750 | 400472/GARC18/General/2025/533 |
| 5) | 22401092/ 15-02-2025 | ലഗസി മാലിന്യം എം.സി.എഫ് -ൽ എത്തിച്ചതിനുള്ള വാഹന വാടക | 1000 | 400472/GARC18/General/2025/538 |
| 6) | 22401212/ 06-03-2025 | ലഗസി മാലിന്യം എം.സി.എഫ് -ൽ എത്തിച്ചതിനുള്ള വാഹന വാടക | 500 | 400472/GAMV07/General/2025/835 |
| | | ആകെ | 10,000/- | |

വാർഷിക പദ്ധതിയുടെ ഭാഗമായി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഞീഴൂർ) നിർവ്വഹണ ഉദ്യോഗസ്ഥനായി, ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ 2,00,000/- രൂപ അടങ്കൽ തുകയിൽ, 'ഹരിതകർമ്മസേനയുടെ പ്രവർത്തന ചെലവ്' എന്ന പദ്ധതി (നം. 51/2025) ഏറ്റെടുക്കുകയും, 79,750/-രൂപ ചെലവഴിക്കുകയും ചെയ്യിട്ടുണ്ട് {ബിൽ നം. 295/17.07.2024 (23,750/-), 475/13.02.2024 (19,000/-), 566/22.01.2025 (9,000/-), 748/17.03.2025 (21,000/-), 825/24.03.2025 (7,000/-)}. പ്രസ്തുത പദ്ധതി പ്രകാരം, ഗ്രാമ പഞ്ചായത്തിലെ '14' വാർഡുകളിലും ഹരിതകർമ്മസേന അംഗങ്ങൾ ശേഖരിച്ചു വച്ചിരിയ്ക്കുന്ന പ്ലാസ്റ്റിക് മാലിന്യം, മെയിൻ എം. സി. എഫി -ലേയ്ക്ക് മാറ്റിയ വകയിൽ വാഹന വാടക കൂലി ചെലവ് ഇനത്തിൽ ശ്രീ. കെ. പി. ബേബി, പാറയ്ക്കൽ എന്നയാൾക്ക് 79,750/-രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. വാർഷിക പദ്ധതിയുടെ ഭാഗമായി എം.

സി. എഫി -ലേയ്ക്ക് മാലിന്യ നീക്കത്തിനായി പ്രത്യേക പദ്ധതി ഏറ്റെടുക്കുകയും, ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ 79,750/-രൂപ ചെലവഴിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ, സമാന ഇനത്തിൽ എം. സി. എഫി -ലേയ്ക്ക് മാലിന്യ നീക്കത്തിനായി തനത് ഫണ്ടിൽ നിന്നും വീണ്ടും 10,000/- രൂപ അനുവദിച്ച് നൽകാനുണ്ടായ സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (20/ 29.08.2025), വിവിധ വാർഡുകളിലെ മിനി എം. സി. എഫ് -കളിൽ ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ മെയിൻ എം. സി. എഫ് -ൽ എത്തിക്കുന്നതിന് ചെലവാകുന്ന വാഹന വാടക തുകയാണ് വാർഷിക പദ്ധതിയുടെ ഭാഗമായി ചെലവഴിച്ചതെന്നും, കലണ്ടർ പ്രകാരം ശേഖരിക്കുന്ന കുപ്പിച്ചില്ല്, തുണി മുതലായ ലെഗസി വേസ്റ്റുകൾ എം. സി. എഫ് -ൽ എത്തിക്കുന്നതിന് ചെലവാകുന്ന വാഹന വാടക തുകയാണ് തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുള്ളതെന്നുമുള്ള മറുപടി ലഭ്യമായിട്ടുണ്ട്. തുടർ വർഷങ്ങളിൽ മാലിന്യ നീക്കത്തിനായി ഏർപ്പെടുത്തുന്ന വാഹനത്തിന്റെ ഉപയോഗം ഫലപ്രദവും ക്രിയാത്മകവുമായി ക്രമീകരിക്കുന്നതിനും, ആയത് പരമാവധി പ്രയോജനപ്പെടുത്തുന്നതിനും, വാഹന വാടകയിനത്തിൽ അധിക ചെലവ് ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-25 ഗ്രാമവണ്ടി-ബ്ലോക്ക് വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 9/25 |
| ചെലവ് | 150000/- ബിൽ നമ്പർ 608/6.02.2025 |

സെക്രട്ടറി നടപ്പിലാക്കിയ മേൽ പ്രോജക്റ്റ് പ്രകാരം ഗതാഗത സൗകര്യം കുറവുള്ള പഞ്ചായത്തിൽ ഗ്രാമവണ്ടി ഓടിക്കുന്നതിന് 150000/-രൂപ കെ എസ് ആർ ടി സി യുടെ എസ് ബി ഐ വൈക്കം ശാഖയിലെ 67033690293 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (14/27.08.2025) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന്

മറുപടി ലഭ്യമാക്കി. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ 150000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 എയ്റോബിക് കമ്പോസ്റ്റ് തുടർ പരിപാലനം–പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രോജക്ട് | നം.52/2025, എയ്റോബിക് കമ്പോസ്റ്റ് തുടർ പരിപാലനം |
| അടങ്കൽ | 30,000/- രൂപ |
| ചെലവ് | 30,000/- രൂപ |
| ഫണ്ടിനം | തനത് ഫണ്ട്- 6,000/-<br>വികസന ഫണ്ട്-ജനറൽ, 24,000/- |
| ബിൽ നം./തീയതി | 298/20.07.24, 6,000/-<br>474/13.12.2024, 12,000/-<br>548/06.01.25, 6,000/-<br>750/17.03.25, 6,000/<br>--------------<br>ആകെ- 30,000/- രൂപ |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഓ. , ഞീഴൂർ സർക്കിൾ |
| ഓഡിറ്റ് എൻക്വയറി നം. | 10/27.08.2025 |

ഞീഴൂർ ഗ്രാമപഞ്ചായത്തിലെ മാർക്കറ്റിൽ സ്ഥാപിച്ചിട്ടുള്ള തുമ്പൂർമുഴി എയ്റോബിക് കമ്പോസ്റ്റ് തുടർ പരിപാലനത്തിനായി 2024-25 സാമ്പത്തിക വർഷം മേൽ ബില്ലുകൾ പ്രകാരം തുക നൽകിയിട്ടുണ്ട്. ശ്രീമതി രാധിക രാജേന്ദ്രൻ, അമ്പാടിയിൽ എന്ന വ്യക്തിയ്ക്ക് ഏപ്രിൽ 2024 മുതൽ ജനുവരി 2025 വരെ പ്രതിമാസം 3,000/- രൂപ വീതം എയ്റോബിക് കമ്പോസ്റ്റ് തുടർ പരിപാലനത്തിനായി ആകെ 30,000/- രൂപ നൽകിയിട്ടുണ്ട്.

24.05.2017 ലെ കമ്മിറ്റി തീരുമാനം പ്രകാരമാണ് ടിയാളെ ടി ജോലിയ്ക്ക് നിയോഗിച്ചിട്ടുള്ളത്. തുടർന്ന് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ വർഷവും നിയമനം

429 ചെക്ക്